ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം – 695004
ഫോൺ: 2445749, 2445799
ഇ-മെയിൽ: dairydirector05@yahoo.co.in
dddtvm@gmail.com

നം.സി2/13796/2014 തീയതി, 07-03-2015.

## സർക്കുലർ നം.04/2015

വിഷയം: ക്ഷീരവികസനവകുപ്പ്- ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘങ്ങൾ - നോൺ-മെമ്പർ ബോണസ് എന്നതിനു പകരം അംഗങ്ങളുടെ ബോണസ്സും, കന്നുകാലി വികസനനിധിയും, ദാനനിധിയും, സഹകരണ പ്രചരണനിധിയും (ജീവനക്കാരുടെ ബോണസിന് പകരമായി നിർദ്ദേശിക്കപ്പെടുന്ന നിധിയും) കഴിഞ്ഞ് "ശേഷിക്കുന്ന തുക" എന്ന് രേഖപ്പെടുത്തുന്നത് – സംബന്ധിച്ച്.

സംസ്ഥാനത്തെ ആനന്ദ് മാതൃക ക്ഷീരസഹകരണ സംഘങ്ങളുടെ 'നോൺ-മെമ്പർ ബോണസ്', കെട്ടിട ഫണ്ടിലേയ്ക്ക് മാറ്റുന്നതിന് ക്ഷീരവികസനവകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ അനുമതി നൽകി വരുന്നുണ്ട്. കേരള സഹകരണ സംഘം ആക്ടിലെ വകുപ്പ് 56(2)(b) യിൽ അനുശാസിക്കുന്ന പ്രകാരവും സംഘങ്ങളുടെ നിയമാവലി ക്ലോസ് 7.1(vii) d അനുസരിച്ചും കിഴിവുകൾ കഴിഞ്ഞ് അവശേഷിക്കുന്ന തുകയുടെ 65 ശതമാനം തുക ഉല്പാദക ബോണസാണെന്നും, ആ തുകയിൽ ആനുപാതികമായ തുകയ്ക്ക് മാത്രമേ അംഗങ്ങൾക്ക് അവകാശമുള്ളൂ എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ബാക്കി തുകയെ ആണ് 'നോൺ-മെമ്പർ ബോണസ്' എന്ന് കണക്കാക്കി വരുന്നത്. എന്നാൽ 'നോൺ-മെമ്പർ ബോണസ്' എന്ന പ്രയോഗം സാങ്കേതികമായി ശരിയല്ലാത്തതിനാൽ അംഗങ്ങളുടെ ബോണസും, കന്നുകാലിവികസന നിധിയും, ദാനനിധിയും, സഹകരണ പ്രചരണ നിധിയും (ജീവനക്കാരുടെ ബോണസിനു പകരമായി നിർദ്ദേശിക്കപ്പെടുന്ന നിധിയും) കഴിഞ്ഞ് "ശേഷിക്കുന്ന തുക" എന്ന് നോൺ-മെമ്പർ ബോണസിനെ മേലിൽ വിശേഷിപ്പിക്കേണ്ടതാണ്. ടി സാഹചര്യത്തിൽ നാൾ ഇനിമുതൽ 'നോൺ-മെമ്പർ ബോണസ്' കെട്ടിട ഫണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതിയ്ക്കായി ആപ്കോസ്

സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുമ്പോൾ 'നോൺ-മെമ്പർ ബോണസ്'' എന്നതിനു പകരം അംഗങ്ങളുടെ ബോണസും, കന്നുകാലി വികസന നിധിയും, ദാനനിധിയും, സഹകരണ പ്രചരണനിധിയും, (ജീവനക്കാരുടെ ബോണസിനു പകരമായി നിർദ്ദേശിക്കപ്പെടുന്ന നിധിയും) കഴിഞ്ഞ് ''ശേഷിക്കുന്ന തുക'' എന്ന് പറഞ്ഞുകൊണ്ട് വേണം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ ആയതിന് അനുമതി നൽകേണ്ടത് എന്ന് നിർദ്ദേശിക്കുന്നു.

കെ.റ്റി. സരോജിനി
ക്ഷീരസഹകരണ സംഘം രജിസ്ട്രാർ / ഡയറക്ടർ

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പകർപ്പ്:

1. എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
2. എല്ലാ ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും
3. പ്രോജക്ട് സെൽ/ടെക്നിക്കൽ സെൽ - അറിവിനായി
4. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വകുപ്പുതല വെബ് സൈറ്റിൽ പ്രസിദ്ധം ചെയ്യുന്നതിനായി )
5. സി, ഡി, ജി സെക്ഷൻ സൂപ്രണ്ടുമാർക്ക് (അറിവിനായി)
6. സി1, സി3, ജി1, ജി2, ഡി1, ഡി2, ഡി3 സീറ്റുകൾക്ക് (അറിവിനായി)
7. സ്റ്റോക്ക് ഫയൽ
8. സ്പെയർ